ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: വിദ്യാഭ്യാസ പുനഃസ്സംവിധാനം സംബന്ധിച്ച് ഉണ്ടായിട്ടുള്ള നാരായണൻ നമ്പ്യാരുടെ റിപ്പോർട്ട് ഞങ്ങൾക്ക് കിട്ടുകയും ഞങ്ങളുടെ രേഖാമൂലമുള്ള അഭിപ്രായങ്ങൾ ആവശ്യപ്പെടുകയും ഞങ്ങൾ കൊടുക്കുകയും ചെയ്തിട്ട് വളരെക്കാലമായി, അതിന്മേൽ നടപടിയെടുത്തിട്ടുണ്ടോ? വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ സ്തംഭനാവസ്ഥ പരിഹരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്തംഭനാവസ്ഥയുണ്ടെന്നു പറയുന്നതു് ശരിയല്ല. അദ്ധ്യാപകസംഘടന ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണു്. അതു കഴിഞ്ഞ നടപടി പൂർത്തിയാക്കുകയുള്ളൂ.

കേരള സെക്രട്ടേറിയറ്റ് ക്ലാസ്സ് IV എംപ്ലോയീസ് അസോസിയേഷൻ

* 139 [466] ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
,, ഇ. വി. കുമാരൻ
,, മുസ്സഫാകെമാൽ

} താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടേറിയറ്റ് ക്ലാസ് IV എംപ്ലോയീസ് അസോസിയേഷനിൽനിന്നും സെക്രട്ടേറിയറ്റ് പാർട്ടൈം കണ്ടിജൻസി ജീവനക്കാരുടെ ഒരു മെമ്മോറാണ്ടം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) പാർട്ടൈം ജീവനക്കാരുടെ നിലവിലുള്ള ശമ്പളസ്കെയിൽ എന്തു്;

(സി) 1958-നു ശേഷം ഈ വിഭാഗം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ധനകാര്യമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ടു്.

(ബി) ശമ്പളം 7രൂ. 12രൂ 15രൂ, / ഡി. എ. 43 രൂപ.

(സി) അടിസ്ഥാനശമ്പളം പരിഷ്കരിച്ചിട്ടില്ല. ഡി. എ. ആനുപാതികം വർദ്ധിപ്പിച്ചിട്ടുണ്ടു്.

(ഡി) ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങളും അതിന്റെ സാമ്പത്തിക ബാദ്ധ്യതകളും പരിഗണിച്ചശേഷം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ വിഭാഗം ജീവനക്കാരുടെ ശമ്പളം വളരെ തുച്ഛമാണെന്നുള്ളതു പരിഗണിച്ചു് 1958-നുശേഷം ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ളതു് കണക്കിലെടുത്തു് എത്രയുംവേഗം ഇതിനെക്കുറിച്ചു് തീരുമാനമെടുക്കാൻ ഒരുമ്പെടുമോ ?

ശ്രീമതി കെ. ആർ ഗൗരി: നിലവിലിരിക്കുന്നതാണു് പറഞ്ഞതു്. അതിനു ശേഷം മിനിമത്തെസംബന്ധിച്ചു് തീരുമാനം എടുത്തിട്ടുണ്ടു്; ഇപ്പോൾ മിനിമം പത്തുരൂപയെന്നാണു് ഓർമ്മ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പാർട്ടുടൈം ആയി കഴിയുന്നവരെ ഫുൾടൈം ആക്കുകയെന്നതു് ഒരു നയമായി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: സാധാരണയായി നടന്നുവരുന്നതു് അതാണു്. വേക്കൻസിയുണ്ടെങ്കിൽ എച്ചീജിബിളം ആയിട്ടുള്ളവരേയും കാളിഫൈഡ് ആയിട്ടുള്ളവരേയും പാർട്ടൈം എന്നതു ഫുൾടൈമാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: പാർട്ടടൈം കണ്ടിജൻസി ജീവനക്കാരുടെ ജോലിസമയം ക്രിപ്പ്പ്പെടുത്തിയിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: ചില സ്ഥലങ്ങളിൽ അവരെക്കൊണ്ട് ദിവസം മുഴുവനും ജോലിചെയ്യിക്കുന്നതായി പരാതി വന്നിട്ടുണ്ട്. സ്കൂൾ ക്ലർക്ക, വില്ലേജ് ആഫീസ് ക്ലർക്ക മുതലായ ജോലിക്കാണ് സാധാരണയായി ഏർപ്പെടുത്തുന്നത്. ചില സ്കൂളുകളിൽ കഞ്ഞിവയ്ക്കുന്നതിനും അവരെ ചുമതലപ്പെടുത്തുന്നു എന്ന് പരാതിവന്നിട്ടുണ്ട്. വേറെ ചില സ്ഥലങ്ങളിലും മുഴുവൻസമയവും ജോലി കൊടുക്കുന്നുവെന്ന പരാതിയും വന്നിട്ടുണ്ട്.

ശ്രീ. വി. വി. ദക്ഷാണാമൂർത്തി: ഏഴരരൂപ ശമ്പളവും 43 രൂപ അലവൻസുമെന്നുള്ളതിൽ, ചില സ്ഥലങ്ങളിൽ ഏഴരരൂപയും 27 രൂപയും ആണ് കൊടുക്കുന്നതെന്നറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: 43 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക സ്ഥലത്തു് അങ്ങനെ നടക്കുന്നുണ്ടെന്നു കാണിച്ചാൽ അന്വേഷിക്കാം.

ശ്രീ. ടി. എ. മജീദ്: ഉയർന്ന ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിൽ ജാഗ്രത കാണിക്കുന്ന സന്ദർഭത്തിൽ അല്പശമ്പളക്കാരായ ഇവരുടെ കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ ചെലുത്താൻ സത്വരമായ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: ആ ദ്യത്തെ ഭാഗം നിഷേധിക്കുകയാണ്. ഈ ഗവണ്മെൻറു വന്നതിനുശേഷം ഉണ്ടായിട്ടുള്ള ശമ്പളപരിഷ്കാരം നോക്കുകയാണെങ്കിൽ അതു് ശരിയല്ലെന്നു കാണാം. എന്നുമാത്രമല്ല താഴ്ന്ന ജീവനക്കാർ വളരെ കൂടുതൽ ഉണ്ട് എന്നുകൂടി ഓർമ്മിക്കണം. രണ്ടോ നാലോ അഞ്ചോ അല്ല. ലക്ഷക്കണക്കിനുണ്ട്. അപ്പോൾ സാമ്പത്തികബാദ്ധ്യത വളരെ കൂടുതൽ ആകും. ഉയർന്ന തസ്തികക്കാർക്കു് കൊടുത്തിട്ടുണ്ടെങ്കിൽത്തന്നെ അതു് ഒരു പരിധിവച്ചുകൊണ്ടാണ്. മറ്റുള്ളവരുടെ കാര്യം ശ്രദ്ധിക്കുന്നില്ലെന്നു പറയുന്നതു് ശരിയല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പോലീസ് സ്റ്റേഷനിൽ ജോലിചെയ്യുന്ന പാർട്ടടൈം കണ്ടിജൻസി ജീവനക്കാരുടെ ശമ്പളം 10 രൂ. യാണ്. 35 രൂപ ഡി. എ. ഉണ്ടായിരുന്നതു് നിറുത്തിയിട്ടുണ്ട്. അവർക്കു് ഈ ആനുകൂല്യം കൊടുക്കാൻ നടപടി എടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: സർ, പോലീസുകാർ പാർട്ടടൈം ആണോ എന്നു് അറിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ക്ലൂപ്പുജോലിക്കാർ പാർട്ടടൈം കണ്ടിജൻസി ജീവനക്കാരാണ്. അവർക്കു് ഉണ്ടായിരുന്ന ഡി. എ. നിറുത്തി. അതു് അനുവദിച്ചുകൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: അന്വേഷിക്കാം.

ശ്രീ. ബി. മാധവൻനായർ: ഐക്യമുന്നണി ഗവണ്മെൻറു് അധികാരത്തിൽ വന്നതോടുകൂടി ഈ ഗവണ്മെൻറുസർവ്വീസിലുണ്ടായിരുന്ന കണ്ടിജൻസിവിഭാഗം ജീവനക്കാരെ മുഴുവടൊം റഗുലർ സ്റ്റാഫായി അബ്സോർബ് ചെയ്തു് ഉത്തരവായി. 1967 വരെയുള്ളവരെയാണ് അങ്ങനെ അബ്സോർബ് ചെയ്തതു്. ഇപ്പോൾ വീണ്ടും കണ്ടിജൻസിയായി തുടരുന്നവരെ അബ്സോർബ് ചെയ്യുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: 1967 വരെ സർവ്വീസിലുണ്ടായിരുന്ന കണ്ടിജൻസി ജീവനക്കാരെ ഫുൾടൈം ആയി അബ്സോർബ് ചെയ്യാൻ നടപടിയെടുത്തിരുന്നു. അതുകഴിഞ്ഞ് കണ്ടിജൻസി വേണ്ടെന്ന വച്ചിരുന്നതാണ്. പക്ഷേ തുടർന്നും ഇതു നടക്കുന്നതു് എന്തുകൊണ്ടാണെന്നറിയുന്നില്ല. ഇപ്പോഴും വ്യക്തമായ ഉത്തരം പറയാൻ നിവൃത്തിയില്ല. പരിശോധിച്ച് സാമ്പത്തികബാധ്യതയും മറ്റും നോക്കിയേ മറുപടി പറയുവാൻ പറ്റുകയുള്ളൂ.

ശ്രീ. കെ. കരുണാകരൻ: കണ്ടിജൻസി ജീവനക്കാക്ക് ദിവസംമുഴുവൻ ജോലിയില്ലെങ്കിൽത്തന്നെയും പാടത്തോ ഫാക്ടറിയിലോ പോയി ജോലിചെയ്യാൻ സാധിക്കുന്നില്ല. ജോലിസമയം കുറവാണെങ്കിലും അതു പരിഗണിക്കാതെ അവർക്ക് മറ്റു ജോലിക്കു പോകാൻ സാധിക്കുന്നില്ല എന്നുള്ള ആ ജോലിയുടെ സ്വഭാവം പരിഗണിച്ച് അവരെ ഫുൾടൈം ആയി കണക്കാക്കി (അവരുടെ യഥാർത്ഥ ബുദ്ധിമുട്ട പരിഗണിച്ച്) ഈ പാവങ്ങളെ സഹായിക്കത്തക്കവണ്ണം വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: ഗവണ്മെന്റിന്റെ പണമാകുമ്പോൾ ഞാൻ മുൻപു പറഞ്ഞ വശങ്ങൾകൂടി നോക്കാതെ പറ്റുകയില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: 40 രൂ. ശമ്പളം വാങ്ങുന്ന ഫുൾടൈം ജീവനക്കാരായ 65-ഓളം പേർ ഇന്നും കേരള സ്റ്റേറ്റിൽ ഉണ്ടെന്നുള്ളതു് അറിയാമോ ? മലബാർ ഭാഗത്തുള്ള ലൈബ്രറി അറ്റൻഡർമാരും ലാബോട്ടറി അറ്റൻഡർമാരും ഇന്നും ശമ്പളവും അലവൻസും ഉൾപ്പെടെ 40 രൂ. മാത്രമാണ് വാങ്ങുന്നതു്, ലാസ്റ്റ്ഗ്രേഡ് സർവ്വീസുകാർക്ക് നല്ലൊരു ശമ്പളമെങ്കിലും ഇവർക്കു കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: നോട്ടീസ്സുവേണം.

ശ്രീ. എ. വി. ആര്യൻ: പോലീസു ഡിപ്പാർട്ടുമെന്റിൽ കണ്ടിജൻസി ജീവനക്കാരായി ആദ്യകാലത്തു ജോലിനോക്കിയിരുന്നവർക്കു കിട്ടിയിരുന്ന ആനുകൂല്യങ്ങളൊന്നു വെട്ടിക്കുറച്ചിരിക്കുകയാണ്. എന്നാൽ പോലീസു മേധാവികളും അവരുടെ മേൽ അച്ചടക്കനടപടികളും എടുക്കുന്നുണ്ട്. മുൻപു കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളൊന്നും ഇല്ലായ്മചെയ്യുകയും, മേലധികാരികൾക്ക് അവരുടെമേൽ എന്തുംചെയ്യാനുള്ള അധികാരം നൽകുകയും ചെയ്തിരിക്കുകയാണ്. ഈ വിവേചനം ഇല്ലായ്മ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: നോട്ടീസുവേണം.

ശ്രീ. ബി. മാധവൻനായർ: പാർട്ടൈം ജീവനക്കാർക്കു ഏകീകൃതമായ ഒരു ശമ്പളവ്യവസ്ഥ ഇന്നില്ല. പോലീസു സ്റ്റേഷനുകളിൽ ക്ലർക്കുമാർക്കു പത്തു രൂപയാണു ശമ്പളം. ഈവക കാര്യങ്ങളെല്ലാം പരിശോധിച്ചിട്ട് സംസ്ഥാനാടിസ്ഥാനത്തിൽ പാർട്ടൈം ജോലിക്കാർക്കു ഏകീകൃതമായ ഒരു ശമ്പളനിരക്ക് അനുവദിക്കാൻ നടപടിയെടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: 7, 12, 15 എന്ന നിരക്കിൽ മുൻപുണ്ടായിരുന്നതു ഗവണ്മെന്റു പരിശോധിച്ചതിനുശേഷം മിനിമം 10 രൂപയാക്കിയതായിട്ടാണ് ഓർമ്മ. പക്ഷേ, അതു നടപ്പായിട്ടില്ലെന്നതേ പറയാനുള്ളൂ. അതുകൊണ്ടായിരിക്കും ഇങ്ങനെ ഉത്തരം തയ്യാറാക്കിയിട്ടുള്ളതെന്നു കരുതുന്നു. അതു് അന്വേഷിക്കുന്നതാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ശമ്പളക്കുടുതലിനെപ്പറ്റി പല മെമ്പറന്മാരും പറയുന്നുണ്ട്. ആകെ ജനസംഖ്യയുടെ 1·8 ശതമാനം പേർ മാത്രമാണ് ഇവിടെ



LIBRARY ARCHIVES Kerala Legislative Assembly

ശമ്പളം വാങ്ങുന്നവർ. ഈ രാജ്യത്തുനിന്നു പിരിക്കുന്ന പണത്തിൽ എത്ര ശതമാനത്തോളം ഇങ്ങനെ ശമ്പളമായി കൊടുക്കുന്നുണ്ടെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: നോട്ടീസുവേണം.

## ശമ്പളപരിഷ്കാരം

* 140 [467] ശ്രീ. എം. കെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് പുതുതായി നടപ്പിൽ വരുത്തിയ ശമ്പളപരിഷ്കാരം കൊണ്ടു് ഏതെങ്കിലും ഗവ: ജീവനക്കാർക്കു് മുമ്പു കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യം പുന:പരിശോധിക്കുവാൻ ഗവണ്മെൻറു തയ്യാറാകുമോ;

(സി) നേഴ്സസ്, സ്റ്റെനോഗ്രാഫേഴ്സ് എന്നിവർക്കു് മുമ്പു കിട്ടിക്കൊണ്ടിരുന്ന പ്രത്യേക അലവൻസു് നിറുത്തലാക്കണമെന്നു് ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്യുന്നതിനിടയാക്കിയ കാരണങ്ങളും എന്തു് ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ചില വിഭാഗം ജീവനക്കാർക്കു് കിട്ടിക്കൊണ്ടിരുന്ന സ്പെഷ്യൽ അലവൻസു്, റിസ്കു് അലവൻസു് എന്നിവ നിറുത്തലാക്കിയിട്ടുണ്ടു്. എന്നാൽ, പഴയ ശമ്പളസ്കെയിൽ തുടരാൻ ആഗ്രഹിക്കുന്ന നേഴ്സസിനും, സ്റ്റെനോഗ്രാഫേഴ്സിനും ഈ ആനുകൂല്യങ്ങളും തുടർന്നു ലഭിക്കുന്നതാണു്. കൂടാതെ ഈ വിഭാഗക്കാർക്കു് പുതിയ ശമ്പളസ്കെയിൽ സ്വീകരിക്കുന്നപക്ഷം സ്പെഷ്യൽ അലവൻസു നിറുത്തലാക്കുന്നതുമൂലം മൊത്തം ശമ്പളത്തിൽ കുറവുവരാതിരിക്കാൻ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

(ബി) ശമ്പളക്കമ്മീഷൻ റിപ്പോർട്ടിന്മേൽ ലഭിച്ചിട്ടുള്ള പരാതികളും ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

(സി) കമ്മീഷൻ റിപ്പോർട്ടിന്റെ പ്രതി മേശപ്പുറത്തുവച്ചിട്ടുണ്ടു്. റിപ്പോർട്ടിന്റെ 360–ം 361–ം പേജുകളിലും, 406–ം പേജിലും ഇതിന്റെ കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ടു്.

ശ്രീ. എം. കെ. ജോർജ്ജ്: നേഴ്സുമാർക്കു മുൻപു കിട്ടിക്കൊണ്ടിരുന്ന മെസ്സലവൻസും ഡ്രസ്സു് അലക്കുന്നതിനുള്ള അലവൻസും നിറുത്തലാക്കണമെന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തെ നേഴ്സസ് നടത്തിയ സമരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? രോഗികളെ ശുശ്രൂഷിക്കുന്നവരെ ഒരു സമരത്തിലേക്കു വലിച്ചിഴക്കാതെ ഈ കാര്യത്തിൽ ഗവണ്മെൻറു് അടിയന്തിര പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: സമരവും, അവരുടെ മെമ്മോറാണ്ടവുമെല്ലാം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ശമ്പളകമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു് അലവൻസു നിറുത്തലാക്കിയതു്, റിപ്പോർട്ടിൽ അതിനു പറയുന്ന കാരണം, കഴിഞ്ഞകാലത്തു് ഏതാണ്ടു് 30–45 രൂപാ ശമ്പളമായിരുന്നതു് ഇപ്പോൾ 290 രൂപവരെ ആയി ഉയർത്തിയിട്ടുണ്ടെന്നും അതുകൊണ്ടു പ്രത്യേക അലവൻസു കൊടുക്കണമെന്നുമാണു്. ഈ വിഭാഗക്കാരുടെ പരാതി ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്. എല്ലാവശങ്ങളും പരിശോധിച്ചതിനുശേഷമേ ഇതിന്മേൽ ഒരു തീരുമാനമെടുക്കാൻ കഴിയുകയുള്ളു.

---

Placed in the Library

LIBRARY ARCHIVES Kerala Legislative Assembly